# പതിമൂന്നാം നിയമസഭ
## പതിനൊന്നാം സമ്മേളനം

## വിദേശ സഹായ പ്രോജക്റ്റുകൾ

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 38** **10.06.2014 ൽ മറുപടിയ്ക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എളമരം കരീം<br>പ്രൊഫ. സി. രവീന്ദ്രനാഥ് | ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ. കെ.എം.മാണി |
| *(എ)* വിദേശ സഹായ പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കാതെ വരുമ്പോഴുണ്ടാകുന്ന ഭീമമായ നഷ്ടത്തെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; | വിദേശസഹായ പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കാതെ വരുമ്പോഴുണ്ടാകുന്ന കമിറ്റ്മെന്റ് ചാർജ്, കോസ്റ്റ് എസ്കലേഷൻ, ടെണ്ടർ എക്സസ് എന്നീ അധിക ചെലവുകൾ വിലയിരുത്തലിന് വിധേയമാക്കിയിട്ടുണ്ട്. |
| *(ബി)* ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെന്നും ഇവ എപ്പോൾ പൂർത്തീകരിക്കുന്നതിന് നിശ്ചയിച്ചിരുന്നതാണെന്നും വ്യക്തമാക്കുമോ; | വിദേശ ഏജൻസികളുടെ സഹായത്തോടുകൂടി നിലവിൽ 8 പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പാക്കികൊണ്ടിരിക്കുന്നത്. |

| ക്രമ നം. | പദ്ധതിയുടെ പേര് | വിദേശ ഏജൻസി | പൂർത്തീകരിക്കുന്നതിന് നിശ്ചയിച്ച തീയതി |
|---|---|---|---|
| *1.* | നാഷണൽ ഹൈഡ്രോളജി പ്രോജക്ട് - II | ലോക ബാങ്ക് | 31.05.2014 (പൂർത്തീകരിച്ചു) |
| *2.* | കെ.എസ്.യു.ഡി.പി | ഏഷ്യൻ വികസന ബാങ്ക് | 30.06.2012. ഈ പദ്ധതിയുടെ കാലാവധി 30.06.2014 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |
| *3.* | കേരള വാട്ടർ സപ്ളൈ പ്രോജക്ട് - II | ജിക്ക | 31.03.2015 |
| *4.* | കേരള വാട്ടർ സപ്ളൈ പ്രോജക്ട് - III | ജിക്ക | 31.03.2015 |
| *5.* | ജലനിധി - II | ലോക ബാങ്ക് | ജൂൺ, 2017 |

| | | | |
|---|---|---|---|
| 6. | കേരള ലോക്കൽ ഗവൺമെന്റ് & സർവ്വീസ് ഡെലിവറി പ്രോജക്ട് (കെ.എൽ.ജി.എസ്.ഡി.പി) | ലോക ബാങ്ക് | 31.12.2015 |
| 7. | ഡാം റീഹാബിലിറ്റേഷൻ & ഇംപ്രുവ്മെന്റ് പ്രോജക്ട് (ഡ്രിപ്പ്) | ലോക ബാങ്ക് | 2017 - 18 |
| 8. | കെ.എസ്.ടി.പി. - II | ലോക ബാങ്ക് | സെപ്റ്റംബർ, 2018 |

| | |
|---|---|
| *(സി)* വിദേശ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ നടത്തിപ്പിൽ അനാവശ്യ ചെലവുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | വിദേശ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ നടത്തിപ്പിൽ അനാവശ്യ ചെലവുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| *(ഡി)* വിദേശ സഹായ പ്രോജക്ടുകൾ സമയബന്ധിതമായിപൂർത്തിയാക്കുന്നതിനും അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിനും എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | വിദേശ സഹായ പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഇവയുടെ പ്രവർത്തന പുരോഗതി തുടർച്ചയായ അവലോകനങ്ങൾക്ക് വിധേയമാക്കി വരുന്നുണ്ട്. സർക്കാരിന്റെയും സഹായ ഏജൻസിയുടെയും സാമ്പത്തിക നിയന്ത്രണ മാർഗ്ഗ രേഖകൾ അനുസരിച്ച് അംഗീകൃത പ്രവൃത്തികൾക്ക് മാത്രമാണ് ചെലവുകൾ ചെയ്യുന്നത്. ഇക്കാരണത്താൽ അനാവശ്യ ചെലവുകൾ ഉണ്ടാകുന്നില്ല. |

**സെക്ഷൻ ഓഫീസർ**